പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

15.02.2016 ലെ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1599

**കാർഷികോൽപന്ന വിലയിടിവ്**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എളമരം കരീം | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാരിന്റെ കാലത്ത് കർഷക ആത്മഹത്യ നടന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (എ) ആത്മഹത്യ നടന്നിട്ടുണ്ട്. |
| (ബി) കർഷകർ ഇപ്പോഴും കാർഷികോൽപന്ന വിലയിടിവ് നേരിടുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;<br><br>(സി) പ്രസ്തുത പ്രതിസന്ധി തരണം ചെയ്യുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (ബി) & (സി) സംസ്ഥാനത്തെ കർഷകരെ നിലവിൽ ഏറ്റവും അധികം ബാധിച്ച റബ്ബർ വിലയിടിവ് നേരിടുന്നതിനായി സംസ്ഥാനത്ത് സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്ന നിന്ന സാഹചര്യത്തിൽ, 25.02.2014-ലെ സ.ഉ.(എം.എസ്) നം.56/2014/കൃഷി ഉത്തരവ് പ്രകാരം റബ്ബർ സംഭരണം ആരംഭിച്ചിരുന്നു. റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ് എന്നീ ഏജൻസികൾ മുഖേനയാണ് റബ്ബർ സംഭരണം നടത്തിയിട്ടുള്ളത്. റബ്ബറിന് വിലസ്ഥിരത ഉറപ്പാക്കുന്നതിനായി 2015-16- ലെ ബജറ്റ് പ്രഖ്യാപന പ്രകാരം നടപ്പാക്കുന്ന "റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി" പ്രകാരം റബ്ബറിന്റെ താങ്ങുവിലയും കിലോയ്ക്ക് അതതു ദിവസം റബ്ബർ ബോർഡ് പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം, റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ, രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് സബ്സിഡിയായി നൽകുന്നുണ്ട്. പദ്ധതി പ്രകാരം RSS-4, RSS-5 ഇനത്തിലുള്ള റബ്ബറിനു പുറമേ ലാറ്റക്സിനും സബ്സിഡി അനുവദിക്കുന്നുണ്ട്.<br><br>കൂടാതെ മറ്റു പ്രധാന കാർഷികോല്പന്നങ്ങളായ നെല്ല്, തേങ്ങ എന്നിവയുടെ വിലയിടിവ് തടയുന്നതിനായി വിവിധ ഏജൻസികൾ മുഖേന അവ സംഭരിക്കുന്നുണ്ട്.<br><br>കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന കിലോയ്ക്ക് 21.50 രൂപ നിരക്കിൽ എല്ലാ ജില്ലകളിൽ നിന്നും നെല്ല് സംഭരണം നടത്തുന്നുണ്ട്. 2015-16- ൽ നാളിതുവരെ 1,88,980 ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്.<br><br>കേരഫെഡ് മുഖേന കിലോയ്ക്ക് 25/- രൂപ നിരക്കിൽ വയനാട്, ഇടുക്കി, തിരുവനന്തപുരം എന്നിവ ഒഴികെയുള്ള ജില്ലകളിലെ തെരഞ്ഞെടുത്ത കൃഷിഭവനുകൾ മുഖേന പച്ചത്തേങ്ങ സംഭരിക്കുന്നുണ്ട്. കൃഷിഭവനിൽ രജിസ്റ്റർ ചെയ്ത നാളീകേര കർഷകർക്ക് ആഴ്ചയിൽ രണ്ടു ദിവസം (ചൊവ്വ, വ്യാഴം) നാളീകേരം കൃഷിഭവനുകളിൽ നേരിട്ട് നല്കാവുന്നതാണ്. നാളിതുവരെ 371 കൃഷിഭവനുകളിൽ നിന്നും 83,160 ടൺ പച്ചത്തേങ്ങ സംഭരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ